പതിമൂന്നാം കേരള നിയമസഭ
പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1724 | 04.12 2015-ൽ മറുപടിക്ക്

## ദ്രവ-ഖര മാലിന്യ-സംസ്കരണ പദ്ധതി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ.റ്റി. ജോർജ്ജ്. | | ഡോ. എം.കെ. മുനീർ (പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പു മന്ത്രി) | |
| (എ) | പ്രസന്നൻസ് എക്കോ ബയോ സിസ്റ്റം (ദ്രവ ഖര മാലിന്യ സംസ്കരണ പദ്ധതി) നടപ്പിലാക്കുന്നതിന് 03.10.2013 ന് സെക്രട്ടറി തല മീറ്റിംഗ് നടത്തിയതിന്റെ വിവരങ്ങൾ വിശദമാക്കുമോ: | (എ) | 3/10/2013-ന് കൂടിയ സെക്രട്ടറിതല മീറ്റിംഗിന്റെ വിവരങ്ങൾ ശേഖരിച്ച് നൽകുന്നതാണ്. |
| (ബി) | പ്രസ്തുത മീറ്റിംഗിന്റെ തീരുമാന പ്രകാരം ശുചിത്വമിഷൻ ഏതെല്ലാം സംസ്കരണ പ്ലാന്റുകൾ സന്ദർശിച്ചതിന് ശേഷമാണ് റിപ്പോർട്ട് തയ്യാറാക്കിയതെന്നു വ്യക്തമാക്കുമോ, പ്രസ്തുത റിപ്പോർട്ടിന്റെ പകർപ്പ് നൽകുമോ; | (ബി) | പ്രസ്തുത മീറ്റിംഗിന്റെയടിസ്ഥാനത്തിൽ 11/10/2013-ൽ ശ്രീ.പ്രസന്നകുമാറിന് സർക്കാർ നൽകിയ കത്തിന്റെ പകർപ്പ് ശുചിത്വമിഷനിൽ ലഭ്യമായിട്ടുണ്ട്. ടി. കത്തിൽ പ്രസന്നൻസ് ഇക്കോ ബയോ സിസ്റ്റം നടപ്പിലാക്കിയിട്ടുള്ള സ്ഥലങ്ങളുടെ ലിസ്റ്റ് ശുചിത്വമിഷനിലും ഗവൺമെന്റിലും സമർപ്പിക്കുവാൻ ശ്രീ.പ്രസന്നകുമാറിന് നിർദ്ദേശം നൽകിയിട്ടുണ്ട്. ആയതിൽ നിന്നും കുറച്ച് യൂണിറ്റുകൾ സെലക്ട് ചെയ്ത് ആയതിന്റെ കാര്യക്ഷമത പരിശോധിച്ച് ഗുണഭോക്താക്കളുമായി കൂടികാഴ്ച നടത്തി റിപ്പോർട്ട് നൽകാനും ശുചിത്വമിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർക്ക് നിർദ്ദേശം നൽകിയിരുന്നു. എന്നാൽ ശ്രീ.പ്രസന്നകുമാർ നൽകിയ ലിസ്റ്റിൽ ഗുണഭോക്താക്കുളുടെ ലിസ്റ്റ് പൂർണ്ണമായും ഉൾപ്പെടുത്തിയിരുന്നില്ല ആയത് 28/10/2013-ലെ കത്ത് പ്രകാരം സർക്കാറിനെ അറിയിക്കുകയും |

ചെയ്തിരുന്നു. ആയതിനാൽ ടി. സിസ്റ്റം പരിശോധിക്കാൻ ശുചിത്വ മിഷന് കഴിഞ്ഞിട്ടില്ല. തുടർന്ന് 10-06-2015-ൽ ശുചിത്വമിഷനിൽ കൂടിയ സാങ്കേതിക സമിതി ടി. പ്രൊപ്പോസൽ പരിശോധിക്കുകയും, ശ്രീ പ്രസന്നകുമറിൽ നിന്നും നേരിൽ വിവരങ്ങൾ ശേഖരിക്കുകയും ചെയ്യുകയുണ്ടായി. എന്നാൽ എക്കോ ബയോ സിസ്റ്റത്തിന്റെയടിസ്ഥാനത്തിൽ ശാസ്ത്രീയ തെളിവുകൾ, എഞ്ചിനീയറിംഗ് സാങ്കേതിക വിദ്യയുടെ വിശദാംശങ്ങൾ ഒന്നും വ്യക്തമാക്കുവാൻ ടിയാന് കഴിഞ്ഞിരുന്നില്ല. ടി. സമിതിയുടെ തീരുമാന പ്രകാരം ശ്രീ. പ്രസന്നകുമാറോ ടി. സിസ്റ്റം വ്യക്തമായി അറിയാവുന്ന മറ്റൊരാളോ ശുചിത്വമിഷൻ നിശ്ചയിക്കുന്ന സാങ്കേതിക സമിതി മുമ്പാകെ ആയതിനുള്ള ശാസ്ത്രീയമായ തെളിവുകൾ സഹിതം വിവരണം നൽകേണ്ടതാണെന്നും നിർദ്ദേശിച്ചിരുന്നു.

(സി) **പ്രസ്തുത സംസ്കരണ പദ്ധതി വിജയകരമായ രീതിയിൽ പ്രവർത്തിച്ചുവരുന്ന വിവരം ശുചിത്വമിഷന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?**

(സി) പ്രസന്നൻസ് ഇക്കോ ബയോസിസ്റ്റം ചില സ്ഥലങ്ങൾ നടപ്പിലാക്കിയതായി ശ്രീ. പ്രസന്നകുമാർ ലിസ്റ്റ് നൽകിയിട്ടുണ്ട്. എന്നാൽ അതിന്റെ കാര്യക്ഷമത ശുചിത്വമിഷൻ നേരിട്ട് വിലയിരുത്തുന്നതിന് ആവശ്യമായ വിവരങ്ങൾ ശുചിത്വമിഷനിൽ ലഭ്യമാക്കിയിട്ടില്ല.

സെക്ഷൻ ഓഫീസർ